"ഭരണഭാഷ – മാതൃഭാഷ"

**കേരളസംസ്ഥാനം**

**വ്യാവസായിക പരിശീലന വകുപ്പ്**

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ

**PMG,** വികാസ് ഭവൻ.പി. ഒ, തിരുവനന്തപുരം **- 33**

**e-Mail:- cru.dttvpm@kerala.gov.in, Phone :- 0471-2303856**

---

**<u>ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം</u>**
**(നിലവിൽ: ഷമ്മി ബേക്കർ.എ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - വിവിധ ട്രേഡുകളിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികകളിലെ ജീവനക്കാർക്ക് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം - അനുവദിച്ച് ഉത്തരാവകുന്നത് - സംബന്ധിച്ച്

പരാമർശം :-
1. **29.11.1971**-ലെ **408/71/**പി.ഡി നമ്പരായ വിജ്ഞാപനം
2. **24.04.2008**-ലെ **19855/**സി**/2008/**തൊഴിൽ നമ്പരായ സർക്കാർ കത്ത്
3. ജോയിന്റ് ഡയറക്ടറുടെ **20.01.2025** ലെ **DT/2805/2024-A6** നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ : DT/5055/2024-A2, തീയതി: 25-08-2025</u>**

പരാമർശം **(1)** ലെ സർക്കാർ വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലെ ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ നേരിട്ടും, വ്യാവസായിക പരിശീലന വകുപ്പിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികകളിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം മുഖേനയും നികത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാനക്കയറ്റത്തിനായി ഒഴിവുകളുടെ അനുപാതം നിശ്ചയിക്കേണ്ടത്, തസ്തികകളിലെ അംഗബലത്തിലെ അടിസ്ഥാനത്തിൽ ആണെന്ന് പരാമർശം (2) പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

പരാമർശം **(3)** പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ മെക്കാനിക്ക് മോട്ടോർ ട്രേഡിൽ ഉൾപ്പെട്ട ക്രമ നം. 46, ശ്രീ.വിജേഷ്.എൻ.ബി-യുടെ വിദ്യഭ്യാസ യോഗ്യത പരിഗണിച്ച് നിലവിൽ സ്ഥാനക്കയറ്റം നൽകുവാൻ കഴിയില്ല. ടിയാന്റെ ജൂനിയർ സ്ഥാനക്കയറ്റത്തിന് അർഹനായി നിൽക്കുന്നതിനാലും ഒഴിവുള്ളതിനാലും ക്രമ നം. 47, ശ്രീ.നിഷാന്ത് വി-യെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നു.ശ്രീ.വിജേഷ്.എൻ.ബി-ക്ക് സ്ഥാനക്കയറ്റം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭിക്കേണ്ടതുണ്ട്. സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, സർക്കാർ നിർദ്ദേശ പ്രകാരം

തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഇലക്ട്രിഷ്യൻ ട്രേഡിൽ ഉൾപ്പെട്ട ക്രമ നം. 87, ശ്രീ.ഹരികൃഷ്ണൻ.ജി-യ്ക്ക്, ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് 23.08.2025 മുതൽ ഒരു വർഷത്തേയ്ക്ക് താത്കാലിക റീലിങ്ക്വിഷ്മെന്റ് അനുവദിച്ചിട്ടുള്ളതിനാൽ നിലവിൽ ടിയാനെ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുന്നില്ല.

മേൽ സാഹചര്യങ്ങളിൽ, ചുവടെ ചേർത്തിട്ടുള്ള ട്രേഡുകളിലെ നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലെയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകപ്പെട്ട് നിലവിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലും സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലും, ഓരോ ട്രേഡിലും നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ഒന്നാം പരാമർശ വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യത മാനദണ്ഡ പ്രകാരവും അനുപാത പ്രകാരവും വിവിധ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റത്തിന് അർഹരായ താഴെപ്പറയുന്ന ജീവനക്കാരനെ കേരള സംസ്ഥാന കീഴുദ്യോഗസ്ഥ സേവന വ്യവസ്ഥകളിലെ ചട്ടം-9എ(1) അനുസരിച്ച് 37400 - 79000 രൂപ ശമ്പള നിരക്കിൽ വിവിധ ട്രേഡുകളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിൽ അവരവരുടെ പേരുകൾക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന ഐ.ടി.ഐ-കളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക നിലവിൽ സേവനത്തിലുള്ള സ്ഥാപനം | വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനത്തിൽ വന്ന തീയതി | യോഗ്യത | സ്ഥാനക്കയറ്റം നിൽകി നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|---|---|
| **Draughtsman Civil** | | | | | |
| 1 | 32 | രഭീഷ്. എ. പി, വർക്ക്ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ), | 02.08.2022 | NTC in D.Civil വർക്ക്ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ) തസ്തിക | ഗവ.ഐ.ടി.ഐ അട്ടപ്പാടി |

| | | | | | |
|---|---|---|---|---|---|
| | | ഗവ.ഐ.ടി.ഐ അരീക്കോട് | | യിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | |
| 2 | 33 | സിജു. ടി. സി, വർക്ക് ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ), ഗവ.ഐ.ടി.ഐ പെരുവ | 04.08.2022 | SSLC, Plus Two, NTC in D.Civil വർക്ക് ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ) തസ്തികയിലെ മൂന്ന് വർഷത്തെ | ഗവ.ഐ.ടി.ഐ കൽപറ്റ |
| 3 | 34 | ഖദീജ. പി. എം, വർക്ക് ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ), ഗവ.ഐ.ടി.ഐ (വ) തഴേക്കോട് | 05.08.2022 | SSLC, Plus Two NTC in D.Civil വർക്ക് ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ നെന്മാറ |
| 4 | 35 | സാദ്.എസ്.എസ് , വർക്ക് ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ), ഗവ.ഐ.ടി.ഐ കായംകുളം | 02.08.2022 | BCom, MBA, NTC in D.Civil വർക്ക് ഷോപ്പ് അറ്റൻഡർ (ഡി.സിവിൽ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ കണ്ണൂർ |
| **Electrician** | | | | | |
| 1 | 86 | ജോസ് ടോണി നെൽസൺ, ട്രേഡ് അസിസ്റ്റന്റ് (ഇലക്ട്രിഷ്യൻ) AVTS കളമശ്ശേരി | 01.08.2022 | BCom, NTC in Electrician വർക്ക് ഷോപ്പ് അറ്റൻഡർ/ ട്രേഡ് അസിസ്റ്റന്റ് (ഇലക്ട്രിഷ്യൻ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ ഏറ്റുമാനൂർ |
| 2 | 88 | ഫൈസൽ. വൈ, വർക്ക് ഷോപ്പ് അറ്റൻഡർ (ഇലക്ട്രിഷ്യൻ), ഗവ.ഐ.ടി.ഐ ചന്ദനത്തോപ്പ് | 01.08.2022 | SSLC, NTC in Electrician വർക്ക് ഷോപ്പ് അറ്റൻഡർ (ഇലക്ട്രിഷ്യൻ) തസ്തികയിലെ മൂന്ന് | ഗവ.ഐ.ടി.ഐ കൊട്ടാരക്കര |

| | | | | | |
|---|---|---|---|---|---|
| | | | | വർഷത്തെ പ്രവർത്തി പരിചയം | |
| **Fitter** | | | | | |
| **1** | **60** | സുമൻ ടി എസ്, വർക്ക് ഷോപ്പ് അറ്റൻഡർ (ഫിറ്റർ), ഗവ.ഐ.ടി.ഐ ചാലക്കുടി | **11.08.2022** | **BCom, MBA,** **NTC & NAC in Fitter** വർക്ക് ഷോപ്പ് അറ്റൻഡർ (ഫിറ്റർ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ ചാക്ക |
| **Machinist** | | | | | |
| **1** | **30** | ശരത് കുമാർ എസ്, വർക്ക് ഷോപ്പ് അറ്റൻഡർ (**Machinist**), ഗവ.ഐ.ടി.ഐ ഏറ്റുമാനൂർ | **03.08.2022** | **SSLC, Plus Two,** **NTC in Machinist,** വർക്ക് ഷോപ്പ് അറ്റൻഡർ (**Machinist**) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ കണ്ണൂർ |
| **Mechanic Motor Vehicle** | | | | | |
| **1** | **47** | നിഷാന്ത്. വി വർക്ക് ഷോപ്പ് അറ്റൻഡർ (**MMV**), ഗവ.ഐ.ടി.ഐ കോഴിക്കോട് | **15.02.2021** | **SSLC, Plus Two,** **STC in MMV, Diploma in Automobile Engg.** വർക്ക് ഷോപ്പ് അറ്റൻഡർ (**MMV**) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ പെരിങ്ങോം |
| **Refrigeration and Air Conditioning Technician** | | | | | |
| **1** | **20** | സനിൽ കുമാർ. ടി, വർക്ക് ഷോപ്പ് അറ്റൻഡർ (**RACT**), ഗവ.ഐ.ടി.ഐ ചെങ്ങന്നൂർ | **05.08.2022** | **NTC in MRAC** വർക്ക് ഷോപ്പ് അറ്റൻഡർ (**RACT**) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ പള്ളിക്കത്തോട് |

| | | | | | |
|---|---|---|---|---|---|
| **Turner** | | | | | |
| 1 | 37 | സനീഷ് കെ സി, വർക്ക് ഷോപ്പ് അറ്റൻഡർ (ടർണർ), ഗവ.ഐ.ടി.ഐ കട്ടപ്പന | 01.08.2022 | SSLC, Plust Two, NTC & NAC in Turner വർക്ക് ഷോപ്പ് അറ്റൻഡർ (ടർണർ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ ഏറ്റുമാനൂർ |
| 2 | 38 | പ്രജിത് രാജ്. കെ. സി, വർക്ക് ഷോപ്പ് അറ്റൻഡർ (ടർണർ), ഗവ.ഐ.ടി.ഐ കണ്ണൂർ | 03.08.2022 | SSLC, NTC in Turner വർക്ക് ഷോപ്പ് അറ്റൻഡർ (ടർണർ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ മലമ്പുഴ |
| 3 | 39 | ഷഫീക്. എ, വർക്ക് ഷോപ്പ് അറ്റൻഡർ (ടർണർ), ഗവ.ഐ.ടി.ഐ ചാക്ക | 02.08.2022 | NTC in Turner വർക്ക് ഷോപ്പ് അറ്റൻഡർ (ടർണർ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ ഏറ്റുമാനൂർ |
| **Wireman** | | | | | |
| 1 | 29 | പ്രവീൺ കുമാർ. ബി, വർക്ക് ഷോപ്പ് അറ്റൻഡർ (വയർമാൻ), ഗവ.ഐ.ടി.ഐ ആര്യനാട് | 01.08.2022 | SSLC, NTC & NAC in Wireman വർക്ക് ഷോപ്പ് അറ്റൻഡർ (വയർമാൻ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയം | ഗവ.ഐ.ടി.ഐ ധനുവച്ചപുരം |

ഉദ്യോഗക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാരന്റെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 6 ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം-7(ii) -ലെ വ്യവസ്ഥ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരൻ തുടർച്ചയായ രണ്ട് വർഷക്കാലയളവിലെ ഒരു വർഷം പ്രൊബേഷൻ കാലയളവിലായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാർ നിലവിലെ തസ്തികയിൽ നിന്നും അടിയന്തിരമായി വിടുതൽ വാങ്ങി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ടി ജീവനക്കാർ നിലവിൽ സേവനത്തിലുള്ള സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാർ ടി ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാർ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന വിവരവും ബന്ധപ്പെട്ട സ്ഥാപന മേലധികാരികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

2025 ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ പുരോഗമിക്കുന്നതുമായ സാഹചര്യത്തിൽ ടി ജീവനക്കാരുടെ ബന്ധപ്പെട്ട സ്ഥാപനത്തിലെ നിയമനം അർഹതയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാകുന്നതാണ്.

Signed by Shammi Baker A
Date: 25-08-2025 18:16:54

**ഷമ്മി ബേക്കർ.എ**
**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ് :-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

പകർപ്പ് :- 1. ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

2. എ6 സീറ്റ് ക്ലാർക്ക് (വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്)

3. വകുപ്പ് വെബ്സൈറ്റ്